"മാതൃഭാഷ - മലയാളം"

**കേരള സർക്കാർ**

**പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ്**

നം.എസ്.എസ്-1/190/2020/പൊഭ.വ. തീയതി, തിരുവനന്തപുരം: 13.06.2020

**സർക്കുലർ**

വിഷയം :- പൊതുഭരണ വകുപ്പ് - കോവിഡ്-19 നിർവ്യാപനവുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും നടത്തുന്ന പ്രവർത്തങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിൽ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നത് - സംബന്ധിച്ച്

സംസ്ഥാനത്ത് നോവൽ കൊറോണ വൈറസ് രോഗം (കോവിഡ്-19) നിർവ്യാപനവുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും നടത്തുന്ന പ്രവർത്തങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഒറ്റ പ്ലാറ്റ്ഫോമിൽ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിന്റെ ഭാഗമായി കേരള സർക്കാർ https://keralabattlescovid.in എന്ന ഒരു വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. ഇതിലേക്കായി വാർത്തകളും വിവരങ്ങളും അപ്ഡേറ്റ് ചെയ്യുന്നതിനായി കോവിഡ്-19 നിർവ്യാപനവുമായി ബന്ധപ്പെട്ട് ഓരോ സർക്കാർ വകുപ്പുകളും ഏജൻസികളും നടത്തുന്ന ദിവസേനയുള്ള പ്രവർത്തനങ്ങളുടെ വാർത്തകൾ, ചിത്രങ്ങൾ, വീഡിയോകൾ, കണക്കുകൾ, പ്രസ് റിലീസുകൾ, ജനക്ഷേമ പ്രവർത്തനങ്ങൾ, ഇതുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾ എന്നിവയെല്ലാം support@cdit.org എന്ന മെയിലിലേക്ക് ദിവസേന അയക്കേണ്ടതാണ്. കൂടാതെ https://keralabattlescovid.in എന്ന വെബ് പോർട്ടൽ ഓരോ സർക്കാർ വകുപ്പിന് കീഴിലുള്ള സർക്കാർ വെബ്സൈറ്റിലും ലിങ്ക് ചെയ്യേണ്ടതുമാണ്.

ഇക്കാര്യത്തിൽ യാതൊരു തരത്തിലുള്ള വീഴ്ചയും ഉണ്ടാകുവാൻ പാടുള്ളതല്ല.

**ഡോ. വിശ്വാസ് മേത്ത**
ചീഫ് സെക്രട്ടറി

എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും
ഗവർണ്ണറുടെ പ്രിൻസിപ്പൽ സെക്രട്ടറി, കേരള രാജ്ഭവൻ, തിരുവനന്തപുരം
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പ് തലവന്മാർക്കും
നിയമവും ധനകാര്യവും ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
കേരളത്തിലെ എല്ലാ സർക്കാർ ആഫീസുകൾക്കും/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും/ പൊതുമേഖലാ സ്ഥാപനങ്ങൾക്കും
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പ്രതിപക്ഷനേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി. (വിപുലമായ പ്രചരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ